"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-ലൈഫ് ഭവന പദ്ധതി-ആശ്രയ കുടുംബാംഗങ്ങളായ പാലയ്ക്കൽ കൃഷ്ണൻ, കമല , ചന്ദ്രമതി, എന്നിവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.634/2021/LSGD തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്.

2 കണ്ണൂർ ജില്ലാ പ്ലനിംഗ് ഓഫീസറുടെ 21/11/2019-ലെ കത്ത്.

3 കുടുംബശ്രീ ഡയറക്ടർ(എ&എഫ്)ന്റെ 23/02/2021 -തീയതിലെ 6658-L-2018-KSHO-നമ്പർ കത്ത്.

4 വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 27/05/2020-ലെ 2.3(4.38) നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

മൊകേരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള ആശ്രയ കുടുംബങ്ങളിൽ ചുവടെ ചേർക്കുന്ന അഞ്ചുപേർക്ക് സ്വന്തമായി ഭവനമില്ലായെന്നും ഇവർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഇവർക്കു കൂടി ഭവനം നൽകാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരമുള്ള മൊക്കേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പരാമർശം(2) പ്രകാരം കണ്ണൂർ ജില്ലാ പ്ലനിംഗ് ഓഫീസർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

1. പലക്കൽ കൃഷ്ണൻ, വാർഡ് നം.7
2. കമല ചേക്കുട്ടീന്റെ വിട, വാർഡ് നം 14
3. ചന്ദ്രി പറമ്പത്ത് കിനാത്തി, വാർഡ് നം 13.
4. ചന്ദ്രമതി വടക്കേ നയിച്ചാൽ, വാർഡ് നം 4
5. നെല്ലുള്ളതിൽ രാഘവൻ-(മരണപ്പെട്ടു).

2. ഇക്കാര്യത്തിൽ പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം ഇക്കാര്യം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ക്രമനമ്പർ മൂന്നായ ചന്ദ്രിപറമ്പത്ത് കിനാത്തിയ്ക്ക് വാസയോഗ്യമായ വീടുണ്ട് എന്നതിനാലും ക്രമനമ്പർ അഞ്ച് (നെല്ലുള്ളതിൽ രാഘവൻ) മരണപ്പെട്ടു എന്നതിനാലും,ഇതു രണ്ടുമൊഴിച്ച് ക്രമനമ്പർ 1,2,4 എന്നിവർക്ക് (പാലയ്ക്കൽ കൃഷ്ണൻ, കമല , ചന്ദ്രമതി )ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മൊകേരി ഗ്രാമപഞ്ചായത്ത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.26 17:47:59 IST
Reason: Approved
സെക്ഷൻ ഓഫീസർ